I. ഇ.ബി. XIIകേരള നിയമസഭ/XIV-10

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 12, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വളത്തിന്റെ ക്ഷാമംമൂലം കാർഷിക മേഖലയിലുണ്ടായ പ്രതിസന്ധി

മി. സ്പീക്കർ: കേന്ദ്ര സർക്കാർ സബ്സിഡി നൽകി കാർഷിക മേഖലയ്ക്കുവേണ്ടി അയയ്ക്കുന്ന യൂറിയയുടെ ഭൂരിഭാഗവും വ്യാവസായിക ആവശ്യങ്ങൾക്ക് മറിച്ച് വിൽക്കുന്നതിനാൽ കാർഷികമേഖലയിൽ വളക്ഷാമം സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, ജോസഫ് എം. പുതുശ്ശേരി, കെ. മുഹമ്മദുണ്ണി ഹാജി, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): 10-2-2010-ന് 1649.50 മെട്രിക് ടൺ യൂറിയ നാൽപ്പത്തിയഞ്ചോളം രാസവള വിതരണക്കാർക്ക്

എസ്.പി.എം. എന്ന സ്ഥാപനം വിതരണം ചെയ്തതായി വിവരം ലഭ്യമായി ട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്ഥാപനമോ വളം വിതരണക്കാരോ ഏതെങ്കിലും തരത്തിൽ കുറ്റക്കാരാണെന്ന് കണ്ടാൽ അവരുടെ ലൈസൻസ് റദ്ദാക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി രണ്ട് ദിവസത്തിനകം റിപ്പോർട്ട് സമർപ്പി ക്കാൻ കൃഷി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയി ട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ ആവശ്യമാണെങ്കിൽ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അല്ലെങ്കിൽ പ്രതിപക്ഷ നേതാവ് ശുപാർശ ചെയ്യുന്ന ഏത് അന്വേഷണവും നടത്താൻ ഗവൺമെന്റ് തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. വി.ഡി. സതീശൻ: കേന്ദ്ര സർക്കാർ കോടിക്കണക്കിന് രൂപയുടെ സബ്സിഡി നൽകി കേരളത്തിലെ കർഷകർക്ക് അയയ്ക്കുന്ന യൂറിയ വ്യാവ സായിക ആവശ്യങ്ങൾക്കും മറ്റുമായി മറിച്ചുവിൽക്കുകയാണ്. ഒരു ടൺ യൂറിയയ്ക്ക് പൊതു മാർക്കറ്റിൽ 21000 രൂപ വിലയുള്ളപ്പോൾ സബ്സിഡി നൽകി 4830 രൂപയ്ക്കാണ് കേരള സർക്കാരിന് കേന്ദ്ര സർക്കാർ നൽകുന്നത്. പൊതു-സ്വകാര്യമേഖലകളിലെ വളംനിർമ്മാണശാലകളിൽനിന്നും കേരള ത്തിൽ എത്തുന്ന ലക്ഷക്കണക്കിന് ടൺ യൂറിയ കർഷകർക്ക് കൈമാറിയ തായി കൃത്രിമ രേഖ ചമച്ച് വൻതോതിൽ മറിച്ചുവിൽക്കുകയാണ്. ഇൻഡ്യ യിലിപ്പോൾ യൂറിയ ക്ഷാമം രൂക്ഷമായിരിക്കുകയാണ്. പൊട്ടാസ്യവും മറിച്ചു വിൽക്കപ്പെടുകയാണ്. കേന്ദ്രത്തിൽനിന്ന് സബ്സിഡി നിരക്കിലയയ്ക്കുന്ന യൂറിയ കേരളത്തിലെ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ബാധ്യത കൃഷി വകുപ്പിന്റേതാണ്. കൃഷിവകുപ്പിന്റെ അനാസ്ഥയും യൂറിയ റാക്കറ്റുമായി ഈ വകുപ്പിലെ ചിലർക്കുള്ള ബന്ധവും വളരെ പ്രധാനപ്പെട്ട

കാര്യമാണ്. ഓരോ സ്ഥലത്തും വിതരണം നടത്തുന്ന യൂറിയയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടങ്ങിയ റിപ്പോർട്ട് കൃഷി വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കണമെന്ന സംവിധാനം നിലവിലുള്ളപ്പോൾ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒത്താശ കൂടാതെ ഇങ്ങനെ യൂറിയ മറിച്ചു വിൽക്കാൻ സാധിക്കില്ല. വളം വിതരണത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥ നെത്തന്നെ അന്വേഷണ ചുമതല ഏൽപ്പിച്ചിരിക്കുന്നത് സ്വീകാര്യമല്ല. വളരെ ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): ഇത് ഗവൺമെന്റിനും ആശങ്കയുള്ള കാര്യമാണ്. ഇത് സംബന്ധിച്ച് അന്വേഷിക്കു ന്നതിന് പ്രതിപക്ഷവുമായി ആലോചിച്ചുകൊണ്ട് പ്രതിപക്ഷ നേതാവ് ശുപാർശ ചെയ്യുന്ന ഏത് അന്വേഷണത്തിനും ഏത് ഉദ്യോഗസ്ഥനേയും ചുമതലപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഇത് ഗുരുതരമായ സ്ഥിതി വിശേഷമാണ്. വിലക്കയറ്റത്തിനെതിരേയും കേന്ദ്ര ഗവൺമെന്റ് സബ്സിഡി വെട്ടിക്കുറച്ചതിനെതിരേയും സമരം നടത്തുന്ന ഭരണപക്ഷം സബ്സിഡി കുറച്ച് കിട്ടിയ വളം മറിച്ചുവിറ്റതിനെ കണ്ടില്ലെന്ന് നടിക്കുകയാണ്. ഇത് അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഡെസിഗ്നേഷനും വ്യക്തമാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയാണ് ഇക്കാര്യം അന്വേഷിച്ച് റിപ്പോർട്ട് നൽകാനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രതിപക്ഷ നേതാവിന്റെ ആവശ്യത്തെ അംഗീകരിച്ചുകൊണ്ട് ഈ കാര്യത്തെ

ക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കൃഷി വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണ്.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>പമ്പാനദിയിൽ ഫെറസ് ക്ലോറൈഡ് ഉപയോഗിക്കുന്നതു കൊണ്ടുള്ള പാരിസ്ഥിതിക പ്രശ്നം</u>

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: പമ്പയിലെ മാലിന്യം കുറയ്ക്കുന്നതിനുവേണ്ടി പമ്പാ ആക്ഷൻ പ്ലാൻ ഉണ്ടാക്കുകയും അതിന്റെ നോഡൽ എജൻസി ആയി കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പമ്പ റിവർബേസിൻ അതോറിറ്റിയുടെ ഉത്തരവാദിത്വവും കേരള വാട്ടർ അതോറിറ്റിക്കാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡും പമ്പയുടെ ശുദ്ധീകരണത്തിന് നടപടി സ്വീകരിക്കുന്നില്ല. പമ്പാനദിയിൽത്തന്നെ 19 വാട്ടർ സപ്ലൈ സ്കീം പ്രവർത്തിക്കുന്നുണ്ട്. വലിയ പ്രോസ്സസിംഗ് കൂടാതെ ക്ലോറിനേറ്റ് ചെയ്താണ് ഈ പദ്ധതികളിലേയ്ക്ക് ജലം ഉപയോഗിക്കുന്നത്. തീർത്ഥാടന കാലത്ത് പമ്പയിൽ കോളീഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിക്കുന്നത് കുറച്ച് പമ്പയെ ശുദ്ധീകരിക്കാൻ 2008-ലെ തീർത്ഥാടന കാലം മുതൽ ഇടയാറിലെ സി.എം.ആർ.എൻ. കമ്പനിയെ മലിനീകരണ നിയന്ത്രണ ബോർഡ് ഏല്പിച്ചതുപ്രകാരം

കമ്പനിയുടെ ഉപോൽപ്പന്നമായോ വേസ്റ്റായോ പുറന്തള്ളുന്ന ഫെറസ് ക്ലോറൈഡ് ആണ് പമ്പാ നദിയിൽ ജലശുദ്ധീകരണത്തിനെന്ന പേരിൽ ഉപയോഗിക്കുന്നത്. ഇത് വാട്ടർ അതോറിറ്റിയുടേയോ വനംവകുപ്പിന്റേയോ അനുമതി കൂടാതെയാണ്. ഇത്തരത്തിൽ രാസമാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നത് ജലത്തിന്റെ നിറം മാറ്റത്തിനു കാരണമാകുകയും ജനങ്ങളുടെ ആരോഗ്യത്തിനു ഹാനികരമാകുകയും ചെയ്തിരിക്കുന്നതിനാൽ ഇതിനു കാരണമായിട്ടുള്ള നടപടി ഒരു കാരണവശാലും വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ തുടരാൻ അനുവദിക്കരുത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ശബരിമലയിലെ ജൈവ മാലിന്യങ്ങളും സ്വീവേജ് ടാങ്കുകളിൽനിന്നുള്ള മാലിന്യങ്ങളും കൊണ്ട് നദി മലിനമാകുന്നു. സന്നിധാനത്ത് ശാസ്ത്രീയമായ സ്വീവേജ് സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതുവരെയും പമ്പയിൽ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുന്നതുവരെയും താൽക്കാലിക സംവിധാനം എന്ന നിലയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം തീർത്ഥാടന കാലം മുതൽ കോളിഫാം ബാക്ടീരിയയുടെ അളവ് കുറയ്ക്കുന്നതിലേയ്ക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരു റിവർ ട്രീറ്റ്മെന്റ് പദ്ധതി നടപ്പിലാക്കിയതു പ്രകാരം സ്വീവേജ് ഞുണുങ്ങാർ വഴി പമ്പയിലെത്തുന്നതിനു മുമ്പ് തോട്ടിൽത്തന്നെ താൽക്കാലിക ബണ്ട് നിർമ്മിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുന്നു. കോളിഫാമിന്റെ അളവ് അനുവദനീയമായ പരിധിയിൽ നിലനിറുത്താനാണ് പി.സി.ബി ലക്ഷ്യമിട്ടിരിക്കുന്നത്. അഖില ഭാരത ക്ഷേത്ര സംരക്ഷണ സമിതി. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ ഞുണുങ്ങാർ ശുദ്ധീകരണം തുടരാനും എന്തെങ്കിലും വസ്തുതയോ ശാസ്ത്രീയമായ വിവരമോ

ഉണ്ടെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടു വരാനും നിർദ്ദേശമുണ്ടായി. കഴിഞ്ഞ ശബരിമല സീസണിൽ ഫീക്കൽ കോളിഫാം ബാക്ടീരിയയുടെ അളവ് ഉയർന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻ ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ട വരുടെ യോഗം വിളിച്ചുചേർക്കുകയും മലിനീകരണ നിയന്ത്രണ ബോർഡും ഗവൺമെന്റ് അനലറ്റിക്കൽ ലാബും ഒരേസമയം സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും അനലറ്റിക്കൽ ലാബിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഞുണുങ്ങാർ പമ്പാ സംഗമസ്ഥാനത്തിനു താഴെ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ സപ്ലൈ സ്കീം തുടങ്ങുന്ന ഭാഗത്തുനിന്നും വാട്ടർ അതോറിറ്റി വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ ബാക്ടീരിയയുടെ അംശം കണ്ടില്ല. വാട്ടർ അതോറിറ്റിയുടെ പരിശോധനയിൽ ദോഷകരമായ അളവിൽ മറ്റൊരു ഘനലോഹവും കണ്ടെത്തിയിട്ടില്ല. അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ട് കൂടി ലഭ്യമായതിനുശേഷം റിപ്പോർട്ടുകൾ വ്യത്യാസമാണെങ്കിൽ എക്സ്പെർട്ടായുള്ള സയന്റിഫിക് ഏജൻസിയെക്കൂടി നിയോഗിച്ച് പരിശോധന നടത്തുന്നതാണ്. ഫെറസ് ക്ളോറൈഡ് ഉപയോഗിക്കുന്നത് നിർത്തൽ ചെയ്യാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

(2) <u>കാഷ്യൂബോർഡ് സ്ഥാപിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. എ.എ. അസീസ്</u>: കേരളത്തിലെ കശുവണ്ടി വ്യവസായം കേന്ദ്ര ഗവൺമെന്റിന് പ്രതിവർഷം 2700 കോടി രൂപയുടെ വിദേശനാണ്യം നേടി ക്കൊടുക്കുന്നുണ്ട്. ഇടുക്കി, പാലക്കാട്, കോട്ടയം, വയനാട് ജില്ലകളൊഴികെ 10 ജില്ലകളിലായി 820 ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. 98 ശതമാനം സ്ത്രീകൾ പണിയെടുക്കുന്ന വ്യവസായത്തിൽ മൂന്നുലക്ഷത്തിൽപരം തൊഴി

ലാളികൾ പണിയെടുക്കുന്നുണ്ട്. തൊഴിൽദിനങ്ങൾ സർവ്വകാല റിക്കോർഡ് ഉണ്ടാക്കുകയും കശുവണ്ടി ഫാക്ടറികളുടെ അടച്ചുപൂട്ടൽ ഒഴിവാക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീക രിച്ച കാഷ്യൂബോർഡ് കൊല്ലം ആസ്ഥാനമായിത്തന്നെ സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രധാനമന്ത്രിയുടെ മുമ്പിൽ കാഷ്യൂബോർഡ് രൂപീകരിക്കുന്ന കാര്യം ഉന്നയിക്കുകയും ബന്ധപ്പെ ട്ടവരുമായി സംസാരിച്ച് ഇതിനാവശ്യമായ തീരുമാനം കൈക്കൊള്ളാമെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുകയും അനുകൂല മറുപടി ലഭിക്കുകയുമുണ്ടായിട്ടുണ്ട്. ഈ വ്യവസായം ശക്തിപ്പെടുത്തുന്ന തിനും കിടമൽസരം അവസാനിപ്പിക്കുന്നതിനും അർഹമായുള്ള വില വിദേ ശരാജ്യങ്ങളിൽ നിന്ന് നേടിയെടുക്കുന്നതിനും കൊല്ലം ആസ്ഥാനമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് നിയമസഭയാകെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രധാനമ ന്ത്രിക്ക് വീണ്ടും നിവേദനം നൽകേണ്ടതും ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻകയ്യെടുക്കുന്നതുമാണ്.

**സബ്മിഷൻ**

(1) തലശ്ശേരി-മൈസൂർ റോഡിന്റെ വികസനവും തലശ്ശേരി വളവുപാറ റോഡിന്റെ നിർമ്മാണവും

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: തലശ്ശേരി-മൈസൂർ റോഡിന്റെയും തലശ്ശേരി-വളവുപാറ റോഡിന്റെയും അവസ്ഥ പരമ ദയനീയമാണ്. ഈ രണ്ട് റോഡുകളും നാഷണൽ ഹൈവേയായി ഉയർത്തുന്നതിനും അടിയന്തി രമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടിയുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ തലശ്ശേരി-മൈസൂർ റോഡ് ദേശീയ പാതയായി പ്രഖ്യാപിക്കാൻ കഴിയുകയുള്ളൂ. തലശ്ശേരി-വളവ്പാറ റോഡ് കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെ ടുത്തി ചെയ്യുന്നതിനാവശ്യമായ കേന്ദ്രസഹായം നേടിയെടുക്കാനുള്ള ശ്രമം നടന്നുവരുന്നു. തലശ്ശേരി-വളവുപാറ റോഡിന് ഭൂമി ഏറ്റെടുത്തപ്പോൾ സർക്കാർ നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പാക്കുന്നതാണ്. റോഡ് മെയിന്റ നൻസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) 2001-ലെ കേരള നദീതിര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വ്യക്തതയില്ലാത്തതും അപ്പീലിനു പോലും അവസരമില്ലാത്തതും ഹൈക്കോടതിയുടെ നിരന്തര വിമർശനത്തിന് ഇടയാക്കിയതുമായ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് ഭേദഗതി ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരളത്തിലെ നദികളിൽനിന്ന് വൻതോതിൽ മണലെടുക്കുന്നത് തടയുന്നതിനും അവയുടെ

ജൈവ ഭൗതീക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് 2001-ൽ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും 2002-ലെ അനുബന്ധ ചട്ടങ്ങളും നടപ്പിലാക്കിയത്. ഈ നിയമം നടപ്പിൽ വരുത്തുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും നദീസംരക്ഷണം ഉറപ്പാക്കുന്നതിനുമായി ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ നിയോഗിച്ച കമ്മിറ്റി അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഹൈക്കോടതി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ കൂടി പരിഗണിച്ച് നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നദീസംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഭേദഗതി തന്നെയാണ് ഉദ്ദേശിക്കുന്നത്.

(3) <u>ദേശീയ പാത സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നടന്ന ലാത്തിച്ചാർജ്</u>

<u>ശ്രീ. ബി. ബാബു പ്രസാദ്</u>: ദേശീയപാത സ്ഥലമെടുപ്പിനോടനുബന്ധിച്ച് ഹരിപ്പാട് കരുവാറ്റയിൽ നടന്ന ലാത്തിച്ചാർജ്ജിൽ പരിക്കേറ്റ് എട്ടുപേർ ആശുപത്രിയിലാകുകയും രണ്ടുപേർക്ക് ഗുരുതരമായി പരിക്കുപറ്റുകയും ഇരുപത്തിയേഴോളംപേരെ പോലീസ് അറസ്റ്റു ചെയ്യുകയുമുണ്ടായി. സുബൈദ എന്ന സ്ത്രീയെ വനിതാപോലീസ് ഉണ്ടായിരുന്നിട്ടും പുരുഷപോലീസ് അറസ്റ്റുചെയ്യാൻ ശ്രമിച്ചതിന്റെ ഫലമായി ശാരീരികക്ഷതം ഉണ്ടായ സംഭവത്തിലും ലാത്തിച്ചാർജ്ജിലും ഉത്തരവാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ഹരിപ്പാട് കരുവാറ്റ പവർഹൗസിന് സമീപം 9-3-2010-ൽ ഉച്ചയ്ക്കുശേഷം എൻ.എച്ച് 47 റോഡ് വീതി കൂട്ടുന്നതിന് സ്ഥലമെടുപ്പിന്

വന്ന ഉദ്യോഗസ്ഥരെ നൂറോളം പേർ മുദ്രാവാക്യം വിളിച്ച് തടസ്സപ്പെടുത്തുകയും ഗതാഗത തടസ്സം സൃഷ്ടിക്കുകയും ചെയ്തു. ഇവരെ നീക്കം ചെയ്യാൻ ശ്രമിച്ച ഹരിപ്പാട് പോലീസ് സ്റ്റേഷനിലെ രണ്ടു പോലീസുകാർക്കും സമരത്തിൽ പങ്കെടുത്തവർക്കും പരിക്കുപറ്റുകയും ഹരിപ്പാട് ഗവൺമെന്റ് ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകുകയും ചെയ്തു. 25 പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതികളെ ആറു മണിയോടുകൂടി സ്റ്റേഷനിൽനിന്ന് ജാമ്യത്തിൽ വിടുകയുണ്ടായി. നിയമാനുസൃതമായ നടപടി സ്വീകരിച്ചതല്ലാതെ ലാത്തിച്ചാർജ് നടത്തിയില്ല എന്നാണ് പോലീസ് അധികാരികളിൽ നിന്ന് കിട്ടിയിട്ടുള്ള വിവരം. ഈ കാര്യം പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(4) <u>പത്തനാപുരത്ത് കെട്ടിട സമുച്ചയത്തിനുനേരെ നടന്ന ആക്രമണം.</u>

<u>ശ്രീ. കെ. രാജു:</u> 7-2-2010-ന് രാത്രി സി.പി.ഐ.-യുടെ വിവിധ ആഫീസുകളും പാരലൽകോളേജും റേഷൻകടയും സ്ഥിതി ചെയ്യുന്ന പത്തനാപുരത്തെ ഒരു കെട്ടിട സമുച്ചയത്തിനു നേരെ നടന്ന ആക്രമണത്തോടനുബന്ധിച്ചുണ്ടായ തീപിടിത്തത്തിൽ വിലപിടിപ്പുള്ള രേഖകളും സാധനങ്ങളും കത്തി നശിച്ച സംഭവവുമായി ബന്ധപ്പെട്ട അക്രമികളെ എത്രയുംവേഗം അറസ്റ്റു ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> ഈ കേസുമായി ബന്ധപ്പെട്ട് പത്തനാപുരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് പുനലൂർ സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. കുറ്റാന്വേഷണ ഏജൻസികളുടെ സഹായവും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കി

അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ഗുണനിലവാരമില്ലാത്ത ജിവൻരക്ഷാ മരുന്നുകൾ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഗുണനിലവാരമില്ലാത്ത ജീവൻ രക്ഷാ മരുന്നുകൾ വാങ്ങിയതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ പേരിൽ മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കത്തക്കവണ്ണമുള്ള കർശനമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും ഡ്രഗ്സ് കൺട്രോൾ വകുപ്പും ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2009 വർഷത്തിൽ 6780 ബാച്ച് മരുന്നുകൾ ഡ്രഗ്സ് കൺട്രോൾ വിഭാഗം പരിശോധിച്ചതിൽ 164 ഇനം മരുന്നുകൾ നിശ്ചിത നിലവാരം പുലർത്തിയിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ അവയുടെ വിതരണം തടഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നിയമമനുസരിച്ച് മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം അതാതു മരുന്നുകമ്പനികൾക്കാണ്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഓരോ ബാച്ച് മരുന്നും വിതരണത്തിന് നൽകുന്നതിന് മുമ്പ് ഗുണനിലവാര പരിശോധന റിപ്പോർട്ടുകൂടി നൽകാൻ നിർമ്മാതാവ് ഇപ്പോൾ ബാദ്ധ്യസ്ഥനാണ്. ഇത്തരം ഗുണനിലവാര സർട്ടിഫിക്കറ്റുള്ള മരുന്നുമാത്രമേ കോർപ്പറേഷൻ സ്വീകരിക്കൂകയുള്ളൂ. ഇങ്ങനെ ലഭിക്കുന്ന മരുന്നുകളുടെ ഓരോ ബാച്ചും രഹസ്യകോഡ് നൽകി രാജ്യത്തെ പ്രശസ്തമായ 9 മരുന്നു പരിശോധനാ ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയ

യ്ക്കുകയും ഗുണനിലവാരം ഉണ്ടെന്ന് കണ്ടെത്തുന്ന മരുന്നുകൾ മാത്രമേ കോർപ്പറേഷൻ വിതരണം ചെയ്യുന്നുള്ളൂ. നിശ്ചിത ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിതരണക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ നിശ്ചിത ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രമക്കേടു കൾ കണ്ടെത്തിക്കഴിഞ്ഞാൽ മരുന്നു കമ്പനികളെ ആദ്യത്തെ തവണ വാൺ ചെയ്യുകയും പിന്നീട് ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടി കൾ സ്വീകരിക്കുന്നുണ്ട്.

(6) വെറ്റക്കട ബീച്ചിന്റെ വികസനം

ശ്രീ. വർക്കല കഹാർ: ടൂറിസം വകുപ്പ് അംഗീകരിച്ച്, കേന്ദ്രപദ്ധതി യിലെ ബീച്ച് സർക്ക്യൂട്ടിൽ ഉൾപ്പെടുത്തി വെറ്റക്കട ബീച്ച് പദ്ധതി നടപ്പിലാ ക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വർക്കല കാപ്പിൽ വെറ്റക്കട ബീച്ചിന്റെ വികസനത്തിനായി സുനാമി പദ്ധതിയിൽപ്പെടുത്തി ഭരണാനുമതിയും തുടർന്ന് 88,64,000 രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ ദർഘാസ് അംഗീകരിച്ചത് കാരാറുകാരന് സ്വീകാര്യമല്ലാത്തതിനാൽ നടപടി കൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഡിപ്പാർട്ടുമെന്റുതല ഉദ്യോഗ സ്ഥരുമായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ 2010-2011-ലെ സൗന്ദര്യ വൽക്കരണ പദ്ധതിയിൽപ്പെടുത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കും.

കേന്ദ്രാനുമതി കിട്ടിയില്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഈ പ്രവൃത്തി ടൂറിസം വകുപ്പ് ഏറ്റെടുക്കുന്നതാണ്.

(7) കേന്ദ്രീയ വിദ്യാലയം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഐ.എസ്.ആർ.ഒ. സ്പെയിസ് ഇൻസ്റ്റിറ്റ്യൂട്ടിനു സമീപം കേന്ദ്രീയ വിദ്യാലയം സ്ഥാപിക്കുന്നതിന് നെടുമങ്ങാട് നഗരസഭാ പ്രദേശത്ത് 10 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകാൻ ഗവൺമെന്റ് മുൻകൈ എടുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേന്ദ്രീയ വിദ്യാലയം ആരംഭിക്കാൻ സ്ഥലം ലഭ്യമാക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടെന്ന വിവരം വിക്രം സാരാഭായി സ്പെയിസ് സെന്ററിന്റെ അധികൃതരെ അറിയിക്കുന്നതാണ്. കേന്ദ്രീയ വിദ്യാലയം തുടങ്ങാൻ തീരുമാനിച്ചുകഴിഞ്ഞുവെന്ന് അവർ അറിയിക്കുന്ന മുറയ്ക്ക് സർക്കാർ സ്ഥലം കൊടുക്കുന്നതാണ്.

(8) കോന്നി നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

ശ്രീ. അടൂർ പ്രകാശ്: കോന്നി നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മലയോര മേഖലയിലെ പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന് ആവശ്യമായ പണം അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കോന്നി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 5 കോടിയോളം രൂപ പ്രാദേശികമായി കണ്ടെത്തേണ്ടതുണ്ട്. കോന്നി ബ്ലോക്ക് പഞ്ചായത്ത് നിക്ഷേപിച്ചിട്ടുള്ള 1,46,366 രൂപ മാത്രമാണ് ഈ നിലയിൽ ലഭ്യമായിട്ടുള്ളത്. ബാക്കി തുക കൂടി കണ്ടെത്തേണ്ടതുണ്ട്. 11-ാം

പദ്ധതിയുടെ 2-ാം പാദത്തിൽ പത്തനംതിട്ട ജില്ലയ്ക്ക് ആർ.ജി..എസ്.വൈ. പദ്ധതി ലഭ്യമാകും എന്നാണ് കരുതുന്നത്. സമ്പൂർണ്ണ വൈദ്യൂതീകരണം നടപ്പിലാക്കാൻ കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത ഏറ്റെടുക്കാൻ കെ. എസ്.ഇ.ബി.-ക്ക് മാത്രമായി സാധിക്കുകയില്ല. ദുർഘടം പിടിച്ച മലയോര പ്രദേശങ്ങളിലെ വൈദ്യൂതീകരണത്തിന് കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക സ്ഥിതികൂടി പരിശോധിച്ച് മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളു.

(9) <u>ഡിസ്പോസിബിൾ സിറിഞ്ചുകളിലെ പൂപ്പൽബാധ</u>

<u>ശ്രീ. എൻ.കെ. പ്രേംനാഥ്</u> : കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ശസ്ത്രക്രിയ തിയേറ്ററിൽ ഡിസ്പോസിബിൾ സിറിഞ്ചിൽ കണ്ട പൂപ്പൽബാധയുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷണം നടത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>) : കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിതരണത്തിന് എത്തിച്ച ഡിസ്പോസിബിൾ സിറിഞ്ചിൽ ഫംഗസ്ബാധ ഉണ്ടെന്ന് വാർത്ത വന്നയുടനെ അന്വേഷിച്ച് നടപടിയെടുക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ആ ബാച്ച് സിറിഞ്ച് ആശുപത്രിയിൽനിന്ന് പിൻവലിക്കുകയും സിറിഞ്ചിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ലെന്ന് കണ്ടെത്തിയാൽ വിതരണക്കാർക്കെതിരെ നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. മരുന്നുകളുടേയും മരുന്ന് ഉപകരണങ്ങളുടേയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഓരോ ബാച്ചും വിതരണത്തിന് നൽകുന്നതിന് മുൻപ് ഗുണനിലവാര പരിശോധന റിപ്പോർട്ട് കൂടി നൽകാൻ നിർമ്മാതാവ് ബാധ്യസ്ഥനാണ്. ഇത്തരം ഗുണനിലവാര സർട്ടിഫിക്കറ്റുള്ളത് മാത്രമേ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്വീകരിക്കാറുള്ളു. ഇങ്ങനെ

ലഭിക്കുന്ന മരുന്നുകളുടെ ഓരോ ബാച്ചും രഹസ്യ കോഡ് നൽകി രാജ്യത്തെ പ്രശസ്തമായ പരിശോധനാ ലബോറട്ടറിയിൽ പരിശോധനയ്ക്കയയ്ക്കും. ഈ പരിശോധനയിൽ ഗുണനിലവാരമുണ്ടെന്ന് കണ്ടെത്തുന്നവ മാത്രമേ കോർപ്പറേഷൻ ആശുപത്രികളിൽ വിതരണം ചെയ്യാറുള്ളു. ആശുപത്രികളിലെ സാഹചര്യങ്ങൾ കൊണ്ടും പൂപ്പൽ ബാധയും മറ്റും ഉണ്ടായാൽ ആശുപത്രി അധികൃതർ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ചും അവ അപ്പോൾത്തന്നെ പിൻവലിക്കാറുണ്ട്.

(10) <u>വടക്കേക്കളം എസ്റ്റേറ്റിലെ കർഷകർക്ക്പട്ടയം</u>

<u>ശ്രീ. കെ. പി. മോഹനൻ</u>: പെരിങ്ങളം നിയോജകമണ്ഡലത്തിലെ വടക്കേക്കളം എസ്റ്റേറ്റിൽ വർഷങ്ങളായി കൃഷി ചെയ്ത് താമസിക്കുന്ന 662 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കി നികുതി ഒടുക്കാനും വീട് വയ്ക്കാനും ദുരന്തങ്ങളുണ്ടായാൽ ആനുകൂല്യം ലഭിക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): പെരിങ്ങളം നിയോജകമണ്ഡലത്തിലെ വടക്കേക്കളം എസ്റ്റേറ്റിൽ മിച്ചഭൂമി വിലയ്ക്കു വാങ്ങി വർഷങ്ങളായി താമസിച്ചുവരുന്ന കൃഷിക്കാരെ സംരക്ഷിക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതികൾ വരുത്തി അവർക്ക് വീട് വയ്ക്കുന്നതിനും നികുതി ഒടുക്കുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(11) <u>മണിയന്ത്രം കോളനിയിലെ താമസക്കാർക്ക് പട്ടയം</u>

<u>ശ്രീ. ബാബു പോൾ</u>: മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മണിയന്ത്രം കോളനിയിൽ 30 വർഷത്തോളമായി കൃഷി ചെയ്തും വീടു

വച്ചും താമസിക്കുന്ന 11 നിർദ്ധന കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മണിയന്ത്രം കോളനിയിലെ കൃഷിക്കാർക്ക് കൈവശ ഭൂമിയുടെ കാലപ്പഴക്കം, ഭൂമിയിലുണ്ടാക്കിയിട്ടുള്ള ചമയങ്ങൾ, അർഹത എന്നിവ സംബന്ധിച്ച പരിശോധന പൂർത്തിയായ സാഹചര്യത്തിൽ അടുത്ത ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തുന്ന പട്ടയമേളയിൽ വച്ച് പട്ടയം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) വാട്ടർ അതോറിറ്റിയുടെ ഹൈലെവൽ സ്കീമിന്റെ പുനരുദ്ധാരണം

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി നഗരസഭയിലെ കേരള വാട്ടർ അതോറിറ്റിയുടെ ഹൈലെവൽ സ്കീമിന്റെ പൈപ്പ് ലൈനിൽ നിരന്തരം പൊട്ടലുണ്ടാകുന്നതിനാൽ കുടിവെള്ള വിതരണം സ്തംഭിക്കുന്ന സാഹചര്യത്തിൽ പഴകി ദ്രവിച്ച പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഈ പദ്ധതിയിലെ ആസ്ബസ്ടോസ് സിമന്റ് പൈപ്പുകൾ മാറ്റി ഡക്റ്റേറിയൻ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള 11 കോടി രൂപയുടെ പ്രോജക്ട് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയെങ്കിലും ആദ്യഘട്ടത്തിൽ ലഭിച്ച തുക അപര്യാപ്തമായതിനാൽ ഈ പദ്ധതിക്ക് മുൻഗണന ലഭിച്ചില്ല. രണ്ടാംഘട്ടം നടപ്പിലാക്കുമ്പോൾ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

(13) അർത്തുങ്കൽ ഫിഷറീസ് ഹാർബർ

ശ്രീ. പി. തിലോത്തമൻ: കേന്ദ്ര ഫണ്ട് ലഭ്യമാക്കി അർത്തുങ്കൽ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): 7-09-2007-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം റ്റി.ആർ.പി. സ്കീമിലെ അഞ്ച് കോടി രൂപ മുടക്കി അർത്തുങ്കലിൽ ഒരു മിനി ഫിഷിംഗ് ഹാർബറിന് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഹാർബർ പ്രവർത്തനക്ഷമമാക്കുന്നതിന് 1250 മീറ്റർ നീളത്തിൽ പ്രധാന പുലിമുട്ട്, 450 മിറ്റർ നിളത്തിൽ ഉപപുലിമുട്ട് 100 മീറ്റർ നീളമുള്ള വാർഫ്, ലേലഹാൾ തുടങ്ങിയവ ആവശ്യമാണ്. ഇതിലേയ്ക്കായി 4749 ലക്ഷം രൂപയുടെ പ്രോജക്ടിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. രണ്ടാംഘട്ട പദ്ധതിക്കുള്ള അംഗീകാരം ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**റിപ്പോർട്ട് സമർപ്പണം:**

കാര്യോപദേശക സമിതിയുടെ മൂപ്പതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണനന:**

കാര്യോപദേശക സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം:**

(1) <u>അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) <u>ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ</u>

(i) <u>2010-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബിൽ</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: 2010-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>): സംസ്ഥാനത്ത് ഇപ്പോൾതന്നെ കുട്ടികളുടെ സംരക്ഷണത്തിനും മറ്റുമായി നിയമാനുസൃതമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു അനൗദ്യോഗിക ബില്ലിന്റെ ആവശ്യമില്ല.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി രൂപീകരിച്ച നിയമ പരിഷ്കാര സമിതിയുടെ റിപ്പോർട്ടിൽ കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച പ്രത്യേക നിയമത്തിന്റെ ആവശ്യകത എടുത്തുപറയുന്നുണ്ട്. കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് കേന്ദ്ര സർക്കാർ 2005-ൽ പാസ്സാ

ക്കിയ നിയമം കഴിഞ്ഞ നാലു വർഷമായി ഇൻഡ്യയിൽ നടപ്പിലാക്കി വരികയാണ്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലെ കുട്ടികളേക്കാൾ കേരളത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസപരമായും ആരോഗ്യപരമായും കേരളത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമാണുളളത്. പരിഷ്കൃത സമൂഹത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കു ന്നതിനുളള നിയമം സംസ്ഥാനത്തില്ല എന്നുള്ളതുകൊണ്ടും ഈ പ്രശ്നങ്ങൾ കൃത്യമായ നിലയ്ക്ക് കേരളീയ സമൂഹത്തിന് കൈകാര്യം ചെയ്യാൻ കഴി യാതെ പോകുന്നുവെന്നതുകൊണ്ടും വിവിധ വിഭാഗം ആളുകളുടെ പ്രശ്ന ങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം കാണിക്കുന്ന ഗൗരവമായ താൽപര്യം കുട്ടികളുടെ കാര്യത്തിൽ സർക്കാർ കാണിക്കുന്നില്ല എന്നുള്ളതു കൊണ്ടുമാണ് ഈ നിയമനിർമ്മാണം നിർബന്ധമാക്കണമെന്ന് ആവശ്യപ്പെടു ന്നത്. കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മുൻപ് അവരുടെ അഭിപ്രായം കൂടി ആരായണം. കുട്ടികളുടെ സർഗ്ഗശേഷിയെപ്പോലും വിറ്റുകാശാക്കുന്നതിനായി സമീപനങ്ങൾ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നത് അനുവദിക്കേണ്ടതുണ്ടോ എന്ന് ആലോചിക്കണം. സമൂഹത്തിൽ പെൺകുട്ടികൾ നേരിട്ടുകൊണ്ടിരിക്കുന്ന പീഡനം അവസാനിപ്പിക്കുന്നതിനുതകുന്ന ക്രീയാത്മകമായ നിർദ്ദേശങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മനുഷ്യാവകാശ സംരക്ഷണത്തിന്റെ ഭാഗമായി കുട്ടികളുടെ അവകാശങ്ങൾകൂടി സംരക്ഷിക്കുന്നതിനുളള വ്യവസ്ഥകൾ ഈ ബില്ലിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ചർച്ച തുടരും)

(ii) 2010-ലെ കേരള മെഡിക്കൽ ഇൻഷ്വറൻസ് ബിൽ

ശ്രീ. എം. മുരളി: 2010-ലെ കേരള മെഡിക്കൽ ഇൻഷ്വറൻസ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലുള്ളപ്പോൾ ഇങ്ങനെയൊരു ബിൽ നിയമമാക്കേണ്ടതില്ല. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ സ്വസ്ത് ബീമാ യോജന പ്രകാരം 11 ലക്ഷത്തോളം കുടുംബങ്ങൾക്കും സംസ്ഥാനത്ത് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി ലഭിക്കുന്ന 35 ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്കും 30,000 രൂപയുടെയും മാരകമായ രോഗങ്ങൾ പിടിപെടുന്നവർക്ക് 70,000 രൂപയുടെയും സൗജന്യ ചികിത്സ ലഭിക്കാൻ കഴിയുന്ന വിധത്തിൽ വിപുലമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനുപുറമെ 18 വയസ്സ് വരെയുള്ള കുട്ടികൾക്കുണ്ടാകുന്ന മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി പരിധിയില്ലാതെ സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ പോവുകയാണ്. 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' എന്ന സ്കീമിൽപ്പെടുത്തി മാരകരോഗങ്ങൾ പിടിപെടുന്നവരുടെ ചികിത്സക്ക് 20,000 രൂപ വരെ കൊടുക്കുന്നുണ്ട്. സൗജന്യ ചികിത്സ നൽകുന്നതിനാവശ്യമായ വിവിധ നടപടികൾ സ്വീകരിക്കുന്നതിനാൽ ബില്ലിന് പ്രസക്തിയില്ല; ബിൽ പിൻവലിക്കണം.

<u>ശ്രീ. എം. മുരളി</u>: പാവപ്പെട്ടവർ അനുഭവിക്കുന്ന ചികിത്സ ബുദ്ധിമുട്ടുകൾ യാഥാർത്ഥ്യബോധത്തോടുകൂടി സർക്കാർ കാണണം. 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' എന്ന സ്കീം പ്രകാരം പത്ത് കോടിയോളം രൂപ മാത്രമാണ് കൊടുത്തത്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി കേന്ദ്ര തൊഴിൽ വകുപ്പ് ആവിഷ്ക്കരിച്ച രാഷ്ട്രീയ സ്വസ്ത് ബീമാ യോജന പ്രകാരം 11 ലക്ഷം ബി. പി. എൽ. കുടുംബങ്ങൾക്കാണ് ചികിത്സാസഹായം ലഭിക്കുന്നത്. ഈ വർഷം കോംപ്രഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി വിപുലപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ആർ.എസ്.ബി.വൈ. പദ്ധതിയുമായി സംയോജിച്ച് 35 ലക്ഷം പേരെ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്താനാണ് പരിപാടിയിട്ടിരിക്കുന്നത്. വാർഷിക പ്രീമിയം 464 രൂപ വരുന്ന ഈ പദ്ധതിയുടെ പ്രയോജനം പാവപ്പെട്ടവർക്കെല്ലാം ലഭിക്കുന്നില്ല. ഒരു അഞ്ചംഗ കുടുംബത്തിന് 30,000 രൂപ ബെനിഫിറ്റ് കിട്ടുന്നതുകൊണ്ട് മാരക രോഗത്തിന് ചികിൽസിക്കാൻ കഴിയില്ല. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയെയാണ് ഇൻഷ്വറൻസ് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. പ്രീമിയം വാങ്ങുന്നതിൽ കാണിക്കുന്ന ഉൽസാഹം ആനുകൂല്യം കൊടുക്കുന്ന കാര്യത്തിൽ ഇൻഷ്വറൻസ് കമ്പനികൾ കാണിക്കാറില്ല. സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകാനുള്ള പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് നേരിട്ട് നേതൃത്വം നൽകണം എന്നുള്ളതാണ് ഈ ബില്ലിൽ പറയുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ പേരുടേയും ബാധ്യത നിർവ്വഹിക്കാൻ കഴിയുന്ന നിലയിലുള്ള ഒരു സംവിധാനമാണ് ആവശ്യം. പാവപ്പെട്ടവരുടെ വിഹിതം കളക്ട് ചെയ്യുന്നതോടൊപ്പം

ഗവൺമെന്റ് വിഹിതവും ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളുടെ സഹായവുംകൂടി സ്വീകരിച്ചുകൊണ്ട് ഇൻഷ്വറൻസ് സംവിധാനം കേരള ത്തിൽ കുറ്റമറ്റനിലയിൽ നടപ്പിലാക്കാൻ കഴിയും. സർക്കാർ ജീവനക്കാ രേയും അദ്ധ്യാപകരേയും പൊതുമേഖലയിലെ ജീവനക്കാരേയും ഈ പദ്ധതി യുടെ പരിധിയിൽ കൊണ്ടുവരണം. പ്രത്യേക സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം രൂപീകരിക്കാനുള്ള നിയമനിർമ്മാണം ഈ നിയമസഭയുടെ കാലാവധിക്കുള്ളിൽ തന്നെ കൊണ്ടു വരാൻ ആരോഗ്യ വകുപ്പ് മുൻകൈയെടക്കണം.

(ചർച്ച തുടരും)

### (iii) 2010-ലെ കേരള ടീച്ചേഴ്സ് വെൽഫെയർ ബിൽ

ശ്രീ. എം. മുരളി : 2010 - ലെ കേരള ടീച്ചേഴ്സ് വെൽഫെയർ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : നിലവിലുള്ള നിയമപ്രകാരം അദ്ധ്യാപകരുടെ എയിഡഡ് സ്ക്കൂളു കളിലെ സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കുന്നുണ്ട്. കാലാനുസൃതമായ മാറ്റങ്ങളോടെ ശമ്പളം, പെൻഷൻ, ചികിൽസാ ധനസഹായം, പ്രോവിഡന്റ് ഫണ്ട്, ഭവന വായ്പ, അവധി ആനുകൂല്യങ്ങൾ തുടങ്ങിയവ ലഭിക്കുന്നുണ്ട്. ഈ ആനുകൂല്യങ്ങൾ ആവശ്യമെങ്കിൽ വിപുലപ്പെടുത്താനും കഴിയും. അതു കൊണ്ട്. ഇത്തരം ഒരു ബില്ലിന്റെ ആവശ്യമില്ല.

<u>ശ്രീ. എം. മുരളി</u> : സംസ്ഥാനത്തെ സർക്കാർ-എയിഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് സമൂഹത്തിൽ ഉയർന്ന പരിഗണന ലഭിക്കുന്നതിനും അവരുടെ ശാരീരിക-മാനസിക അഭിവൃദ്ധിയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുംവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അദ്ധ്യാപകരുടെ സേവനത്തിന് അനുസരിച്ചുള്ള പരിഗണനയും സമൂഹത്തിൽ മാന്യമായ സ്ഥാനവും നൽകുന്നതിനും വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെ അംഗീകാരമുള്ള സ്ക്കൂളുകളിലെ അദ്ധ്യാപകരിൽ നിന്ന് കുറഞ്ഞത് പത്ത് രൂപ വീതം സമാഹരിച്ചുകൊണ്ടായിരിക്കണം ക്ഷേമനിധി രൂപീകരിക്കേണ്ടത്. കൂടാതെ ഒരു വിദ്യാർത്ഥിയിൽ നിന്നും ഒരു വർഷം ഒരു രൂപ വീതം ക്ഷേമനിധി ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണ്. അദ്ധ്യാപകരുടെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കും വെൽഫയർ ഫണ്ടിലെ തുക ഉപയോഗിക്കാൻ സാധിക്കും. അദ്ധ്യാപകർക്ക് മാനസികോല്ലാസത്തിനും വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുമായി സകുടുംബം വർഷത്തിലൊരിക്കൽ അഖിലേൻഡ്യാ പഠന പര്യടന യാത്ര നടത്താനുള്ള സൗകര്യത്തിനും വെൽഫെയർ ഫണ്ടിലെ തുക ഉപയോഗപ്പെടുത്താൻ കഴിയും. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം അഖിലേന്ത്യാ നിലവാരത്തിലേക്കുയർത്തുന്നതിന് എൻ.സി.ഇ.ആർ.ടി. സിലബസ് നടപ്പിലാക്കണം. സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

(ചർച്ച തുടരും)

**(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച**

(i) 2006-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ

ബില്ലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. സാജു പോൾ ഹാജരില്ലാതിരുന്നതിനാൽ പ്രമേയം തുടർ ചർച്ചയ്ക്ക് പരിഗണിച്ചില്ല.

(ii) 2007-ലെ കേരള പ്ലാസ്റ്റിക് വസ്തുക്കൾ, ജൈവ ജീർണ്ണേതര മാലിന്യങ്ങൾ (നിരോധനവും നിയന്ത്രണവും) ബിൽ

(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി നോട്ടീസ് നൽകിയത്)

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: കേരളത്തിൽ മലിനീകരണം നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. പ്ലാസ്റ്റിക് ക്യാരിബാഗുകളും മറ്റും നിയമംമൂലം നിരോധിക്കുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അതൊന്നും ഫലപ്രദമായിട്ടില്ല. ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

........................